## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ ആയ ശ്രീ.ടി.ആർ. പ്രവീൺദാസിന് സെൻഷർ നൽകി കൊണ്ട് ടിയാനെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ. (സാധാ)നം. 352/2018/തസ്വഭവ, തിരുവനന്തപുരം, തീയതി: **06/02/2018**

---

പരാമർശം : 1) ജി.ഒ(പി)നം.45/2013/ധന തീയതി 22/01/2013
2) സ.ഉ (സാധാ) നം.269/15/പിഎൽജി, തീയതി 17/06/2015
3) സ.ഉ (സാധാ) നം.331/2016/പിഎൽജി, തീയതി 27/08/2016
4) ഗ്രാമവികസന കമ്മീഷണറുടെ 21/01/2017, 30/06/2016, 05/01/2018 എന്നീ തീയതികളിലെ 10555/എസ്റ്റാ.എ 1/ 16/സിആർഡി നമ്പർ കത്ത്.
5) ശ്രീ.ടി.ആർ.പ്രവീൺദാസിനെതിരെയുള്ള ( ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്) 20/07/2017- ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
6) ശ്രീ. ടി.ആർ.പ്രവീൺദാസ് സമർപ്പിച്ച 15/09/2017 ലെ പ്രതിവാദ പത്രിക.

## ഉത്തരവ്

ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറായ ശ്രീ.ടി.ആർ.പ്രവീൺദാസിനെ പരാമർശം (2) പ്രകാരം തിരുവനന്തപുരം HADA സെക്രട്ടറിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചു. ടിയാൻ 01/07/2015-ന് ചുമതലയേൽക്കുകയും 30/06/2016 ൽ ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുകയും ചെയ്തു. ടിയാനെ HADA-യിൽ നിന്നും വിടുതൽ ചെയ്തുകൊണ്ടും മാതൃവകുപ്പിലേയ്ക്ക് പുനപ്രവേശിപ്പിച്ചുകൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായി. 17/10/2016 AN-ന് ടിയാൾ ചുമതല കൈമാറിയതായും അതിനാൽ 01/07/2016 മുതൽ 17/10/2016 വരെയുള്ള കാലയളവ് ക്രമീകരിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്നും ശ്രീ.ടി.ആർ.പ്രവീൺദാസ് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവ് 'extension of deputation' ആയി ക്രമീകരിച്ച് ഉത്തരവാകണമെന്ന് പരാമർശം (4) ലെ 21/01/2017 ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചു

പരാമർശം(1)ലെ ഉത്തരവ് പ്രകാരം കെ.എസ്.ആറിൽ ഭേദഗതി വരുത്തിയിട്ടുള്ള ചട്ടം140(സി) അനുസരിച്ച് ഉദ്യോഗസ്ഥന്റെ അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ചുപോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണ്. അനുമതിയില്ലാതെ തുടർന്ന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്രസേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നു വിലക്കുന്നതുമാണ്. ടി കാലയളവ് മുൻകാല പ്രാബല്യത്തോടെ റെഗുലറൈസ് ചെയ്യുന്നതുമല്ല. ഇവിടെ ശ്രീ.പ്രവീൺ ദാസിന് അവസാന ഡെപ്യൂട്ടേഷൻ അനുവദിച്ച ഉത്തരവ് 17/06/2015 ന് ആയതിനാൽ (ഭേദഗതി ഉത്തരവ് തീയതിയായ 22/01/2013 ന് ശേഷം) പ്രസ്തുത കേസിൽ ചട്ടം 140 (സി) ബാധകമാണ്. അതിനാൽ സർക്കാർ അനുമതി ഇല്ലാതെ ശ്രീ.ടി.ആർ.പ്രവീൺദാസ് ഡെപ്യൂട്ടേഷനിൽ തുടർന്ന 01/07/2016 മുതൽ 17/10/2016 വരെയുള്ള കാലഘട്ടം കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 140 (സി) യുടെ പരിധിയിൽ വരുന്നതിനാൽ ക്രമീകരിക്കുവാനാകില്ലാത്തതും ടി ചട്ടത്തിലും 10/05/2013-ലെ നം.42/2013/ധന. സർക്കുലറിലും നിഷ്കർഷിച്ചിട്ടുള്ള നടപടികൾ ടി കാലഘട്ടത്തിൽ സ്വീകരിക്കേണ്ടതുമാണ്.

22/01/2013 ലെ ജി.ഒ.(പി) നം.45/2013/ധന പ്രകാരം കെ.എസ്.ആർ- ൽ ഭേദഗതി വരുത്തിയിട്ടുള്ള ചട്ടം 140 (സി) അനുസരിച്ച് ശ്രീ.പ്രവീൺ ദാസിനെതിരെ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം, ചട്ടം 16 പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം (5) പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകി. ശ്രീ.ടി.ആർ.പ്രവീൺദാസ് പരാമർശം (6) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു. പ്രതിവാദ പത്രികയിൽ ടിയാൻ കുറ്റം നിഷേധിച്ചു. ഡെപ്യൂട്ടേഷൻ കാലാവധിതീരുന്ന മുറയ്ക്ക് മറ്റൊരാളെ നിയമിച്ച് ഉത്തരവാകാത്ത സാഹചര്യത്തിൽ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ യഥാസമയം സർക്കാരിൽ സമർപ്പിച്ചിരുന്നുവെന്നും ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിച്ചുകൊണ്ടോ, മറ്റൊരാളെ നിയമിച്ചുകൊണ്ടോ ഉത്തരവാകാത്ത സാഹചര്യത്തിലും സാമ്പത്തികവും മറ്റുമായ വലിയ ചുമതല താൽക്കാലികമായെങ്കിലും മറ്റൊരാളെ ഏൽപ്പിക്കാതെ വിട്ടൊഴിയുന്നത് ഉത്തരവാദിത്ത ബോധമുള്ള ഒരു സർക്കാർ ജീവനക്കാരനെന്ന നിലയ്ക്ക് ചെയ്യാൻ പാടില്ലാത്തതിനാലാണ് തുടരേണ്ടി വന്നതെന്നും അതിനാൽ കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ ബോധിപ്പിച്ചു.

ടിയാന്റെ പ്രതിവാദ പത്രികയിന്മേൽ പരാമർശം (4)ലെ 05/01/2018-ലെ കത്തു പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. സാമ്പത്തികവും മറ്റുമായ വലിയ ചുമതല താൽക്കാലികമായെങ്കിലും മറ്റൊരാളെ ഏൽപ്പിക്കാതെ വിട്ടൊഴിയുന്നത് ഉത്തരവാദിത്ത

ബോധമുള്ള ഒരു സർക്കാർ ജീവനക്കാരനെന്ന നിലയ്ക്ക് ചെയ്യാൻ പാടില്ലാത്തതിനാലാണ് ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ച തീയതിയായ 30/06/2016 ന ശേഷവും തുടരേണ്ടി വന്നതെന്ന ടിയാന്റെ മറുപടി വിശ്വസനീയമാണെന്നും ടിയാന്റെ പ്രവൃത്തികൊണ്ട് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടില്ലെന്നും ടിയാന്റെ ഭാഗത്തു നിന്നും മനഃപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും 31/01/2018-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ ടിയാനെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കി കുറ്റവിമുക്തനാക്കണമെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഗ്രാമവികസന വകുപ്പിൽ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറായ ശ്രീ.ടി.ആർ.പ്രവീൺദാസ് HADA സെക്രട്ടറിയായി ജോലി ചെയ്തു വരവെ ഡെപ്യൂട്ടേഷൻ കാലാവധി 30/06/2016-ന് അവസാനിച്ചിട്ടും 01/07/2016 മുതൽ 17/10/2016 വരെ അനധികൃതമായി HADA-യിൽ സേവനം തുടർന്നതു സംബന്ധിച്ച് ടിയാനെതിരെ സ്വീകരിച്ച അച്ചടക്കനടപടി, 1960- ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11(1)-ൽ പ്രതിപാദിച്ചിട്ടുള്ള ശിക്ഷയായ 'സെൻഷർ' നൽകി തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.അജിത് കുമാർ. ഐ.എ.എസ്**
**സെക്രട്ടറി**

1) ശ്രീ.ടി.ആർ.പ്രവീൺദാസ്,ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം
4) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5) വിവര പൊതുജന സമ്പർക്ക വകുപ്പ് ( web & new media)
6) തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്